1

# യൊരൊബെയാം (1)

# കത്തിപ്പോയ ഉദയനക്ഷത്രം

*വേദഭാഗം: 1 രാജാക്കന്മാർ 11:26–39; 12:1–14:20*

ചിലർ ജനിച്ചതു തന്നെ നേതാക്കന്മാരാകുവാനാണെന്ന് തോന്നുന്നു. അവരെ ഏതെങ്കിലും തരത്തിലുള്ള കമ്മറ്റിയിലോ, സംഘടനയിലോ ചുമതല ഏൽപിച്ചാൽ, അവരെ തിരഞ്ഞെടുത്താലും ഇല്ലെങ്കിലും അവർ ഒന്നുകിൽ അതിന്റെ തലപ്പത്തോ, അല്ലെങ്കിൽ അതിനെ നയിക്കുകയോ ചെയ്യും. അവർ എല്ലായ്പോഴും, "ഉത്തരവാദിത്തമുള്ളവർ" എന്ന നിലയിൽ അങ്ങനെയുള്ളവർ മുന്നിട്ടിറങ്ങും. ഉദാഹരണത്തിന്, അപ്പൊസ്തലന്മാരുടെ കൂട്ടത്തിൽ ആദ്യം സംസാരിക്കുന്നത്, അല്ലെങ്കിൽ ഒരു തീരുമാനം അറിയിക്കുന്നത് ശിമോൻ പത്രൊസ് ആയിരുന്നു. അയാൾ അത്തരം ഒരു മനുഷ്യനായിരുന്നു. നാം ചിലപ്പോൾ അങ്ങനെയുള്ളവരെ കുറിച്ച് പറയും, "അയാൾ പ്രവർത്തിക്കുന്ന മനുഷ്യനാണ്." പറയുന്നത് തെറ്റായാലും, ശരിയായാലും, അയാൾക്ക് പറയുവാനോ, ചെയ്യുവാനോ എന്തെങ്കിലും കാണും. അയാൾ മുന്നിട്ടിറങ്ങും, അയാൾ നയിക്കേണ്ടിയിരുന്നു.

യൊരൊബെയാം അത്തരം ഒരാളായിരുന്നേക്കാം. മറ്റുള്ളവരെ നന്നായി നയിക്കുവാനുള്ള യോഗ്യതകളുള്ള ഒരാളായിരുന്നു അയാൾ. അങ്ങനെയുള്ള മൂന്നു യോഗ്യതകൾ നാം ഈ പാഠത്തിൽ പഠിക്കും. എന്നാൽ അയാൾക്ക് ഒരു കുറവു മാത്രമുണ്ടായിരുന്നു. അതു വളരെ പ്രധാനപ്പെട്ട കുറവുമായിരുന്നു: *നീതിയുള്ള ആത്മാർത്ഥത*. എന്തൊരു കഷ്ടം! ജീവിത-യോഗ്യതകളിലെ മുന്നിൽ ഒന്നു കുറഞ്ഞാൽ പൂജ്യമാണെന്ന് അയാൾ കണ്ടെത്തി. നീതിപൂർവ്വമായ ആത്മാർത്ഥതയില്ലാതെ, അയാൾ ഒന്നുമല്ലായിരുന്നു. അയാൾ പെട്ടെന്ന് ഉദിച്ചുയരുകയും ഉടനെ കത്തിപ്പോകയും ചെയ്ത ഒരു ഉദയനക്ഷത്രം പോലെയായിരുന്നു.

അയാളുടെ ജീവിത ചരിത്രത്തിലെ ആദ്യത്തെ ഏതാനും ഏടുകൾ നമുക്ക് അടുത്ത് പരിശോധിക്കാം. ഓരോ യോഗ്യതക്കുമായി പരിശ്രമിക്കുമ്പോൾ, അത് ശരിയായിരിക്കണം എന്ന മുന്നറിയിപ്പാണ് അയാൾ നമുക്ക് നൽകുന്നതെന്ന് നാം തിരിച്ചറിയണം.

### അഭിലഷിക്കത്തക്ക വിശ്വാസം

> ... സെരേദയിൽനിന്നുള്ള എഫ്രയിമ്യനായ നെബാത്തിന്റെ മകൻ യൊരേബെയാം എന്ന ശലോമോന്റെ ദാസനും രാജാവിനോട് മൽസരിച്ചു അമ്മ സെരൂയാ എന്നു പേരുള്ള ഒരു വിധവ ആയിരുന്നു ... (11:26).

യൊരേബെയാമിന്റെ ആദ്യത്തെ സ്തുത്യർഹമായ ഗുണം ഉറപ്പായിരുന്നു. അയാൾ അഭിലഷിക്കത്തക്ക, സ്ഥാനം ഒഴിഞ്ഞുപോകുന്നവനും, ആത്മവിശ്വാസവുമുള്ള എഫ്രയിം ഗോത്രത്തിൽപെട്ട യുവാവായിരുന്നു. അവന്റെ ആത്മവിശ്വാസം

ഒരുപക്ഷെ അവന്റെ ഗോത്രത്തോടും വംശാവലിയോടുമുള്ള ബന്ധത്തിൽനിന്ന് ലഭിച്ചതാകാം. എഫ്രയിം ഗോത്രം നിഗളഭാവമുള്ള ചരിത്രപരമായ ഒരു ഗോത്രമായിരുന്നു. യിസ്രായേലിന്റെ പ്രമുഖ നേതാക്കന്മാരിലൊരാളായിരുന്ന യോശുവ എഫ്രയിം ഗോത്രക്കാരനായിരുന്നു എന്നത് അവർക്ക് പ്രശംസിക്കാവുന്ന ഒന്നാണ്. കൂടാതെ, സമാഗമനകൂടാരം ആദ്യം സ്ഥിതി ചെയ്തിരുന്നത് അവരുടെ പ്രദേശമായിരുന്ന ശിലോവിലായിരുന്നു എന്നതും അവർക്ക് അഭിമാനിക്കാമായിരുന്നു. സുദീർഘമായതും കേളി കേട്ടതും ആയ ഒരു ചരിത്രം അവർക്കുണ്ടായിരുന്നതു അവരുടെ പ്രതീക്ഷകളെ ഉയർത്തി. അങ്ങനെയിരിക്കുമ്പോൾ, അവർക്ക് ഭൂമി വീതിച്ചു നൽകിയത് അവരുടെ അന്തസിനു കുറഞ്ഞതും ആവശ്യത്തിനു തികയാത്തതുമായിട്ടാണ് അവർ കണ്ടത്. അവരുടെ മാതൃദേശത്ത് യോശുവ അവർക്ക് ഭൂപ്രദേശം നൽകിയപ്പോൾ, അവർ അവനെ പരുഷമായ വാക്കുകളാൽ ശകാരിച്ചു, “യഹോവ ഇതുവരെ ഞങ്ങളെ അനുഗ്രഹിച്ചു ഞങ്ങൾ ഒരു വലിയ ജാതിയായി തീർന്നിരിക്കെ, ഒരു നറുക്കും ഓഹരിയും മാത്രം നീ ഞങ്ങൾക്ക് തന്നത് എന്ത്?” (യോശുവ 17:14).

ആരംഭം എങ്ങനെയായിരുന്നാലും, യൊരേബെയാമിന്റെ ആത്മവിശ്വാസം അവന്റെ കുടുംബജീവിതത്തിലെ വിപത്തിൽ അവനെ നിലനിർത്തി. അവന്റെ ജീവിതത്തിലെ ആരംഭഘട്ടത്തിൽ ഒരു സമയത്ത്, ശലോമോന്റെ പ്രവർത്തന-സംഘത്തിലെ ഒരു ഉദ്യോഗസ്ഥനായ അവന്റെ അപ്പൻ, മരിച്ചു. ഒരു യുവാവിന് തന്റെ രക്ഷകർത്താവിന്റെ നഷ്ടം കടുത്ത നിരാശയും അനിശ്ചിതത്വവുമുളവാക്കും. എന്നാൽ യൊരേബെയാമിന്റെ കാര്യത്തിൽ, അങ്ങനെയായിരുന്നില്ല എന്നു നമുക്ക് പറയുവാൻ കഴിയും. മരണ ദുഃഖം അവനെ തളർത്തിയില്ല. വേദഭാഗത്ത് നാം അവനെ ആദ്യം കാണുമ്പോൾ, അവൻ ധീരതയുള്ള, തന്റേടമുള്ള, നിഷേധിക്കാനാകാത്ത വ്യക്തിയായി കാണുന്നു.

ആത്മവിശ്വാസം ആവശ്യമായ ഒരു ഗുണം തന്നെയാണ്. അത് നിഗളത്തിലേക്ക് നയിച്ചില്ലെങ്കിൽ, അത് ഒരു നേട്ടം തന്നെയാണ്. ആത്മവിശ്വാസമുള്ള ഒരു വ്യക്തിക്ക് താലന്തുണ്ടെങ്കിൽ അത് ആഗ്രഹിക്കത്തക്കതാണ്; പക്ഷെ താലന്തുള്ള മനുഷ്യന് അഹംഭാവമുണ്ടായാൽ എല്ലാവരും വെറുക്കും. പരിശ്രമിക്കുന്നവർക്ക് ധൈര്യം പകരുന്നതാണ് ആത്മവിശ്വാസം; എന്നാൽ നിഗളഭാവമോ, അഹങ്കാരമോ വന്നാൽ അത് അയാളെ തരംതാഴ്ത്തുകയും, വീഴ്ത്തുകയും ചെയ്യും.

## സ്തുത്യർഹമായ താലന്ത്

> എന്നാൽ യൊരേബെയാം ബഹു പ്രാപ്തിയുള്ള പുരുഷൻ ആയിരുന്നു ഈ യൗവനക്കാരൻ പരിശ്രമശീലൻ എന്നു കണ്ടിട്ട് ശലോമോൻ യോസേഫ് ഗൃഹത്തിന്റെ കാര്യാദികളൊക്കെയും അവന്റെ വിചാരണയിൽ ഏൽപിച്ചു (11:28).

യൊരേബെയാമിന്റെ ആഗ്രഹിക്കത്തക്ക രണ്ടാമത്തെ ഗുണം അവന്റെ താലന്തായിരുന്നു. അയാൾ വെറുമൊരു പ്രവർത്തകനായിരുന്നില്ല, പ്രത്യേകതയുള്ള പ്രവർത്തകനായിരുന്നു. മറ്റുള്ളവർ ശ്രദ്ധിക്കത്തക്ക കഴിവുള്ള വ്യക്തിയായിരുന്നു അയാൾ. അവന്റെ ഉൽസാഹവും പ്രവർത്തനസ്വഭാവവും, അവന്റെ മേലധികാരികൾക്കും രാജാവിനു തന്നെയും ബഹുമതി ഉളവാക്കിയിരുന്നു. അവന്റെ പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ ശലോമോന്റെ ഔദ്യോഗിക കാര്യനിർവ്വഹണത്തിലേക്ക് അവനെ ഉയർത്തി; അവൻ യോസേഫ് ഗൃഹത്തിന്റെ കാര്യവിചാരകനായി തീർന്നു.

താലന്ത് പ്രശംസനീയവുമാണ്. അതു കൂടാതെ നയിക്കുന്നവനെ പരിതപിക്കുവാനേ കഴിയു. ഒരു താലന്തിനും അതിന്റേതായ സ്വഭാവമില്ല എന്നോർക്കുക. അത് പണം പോലെയാണ്; അത് കയ്യിൽ പിടിക്കുന്ന ആളുടെ സ്വഭാവത്തെയാണ് വെളിപ്പെടുത്തുന്നത്. നീതിയുള്ള ഹൃദയത്താൽ നയിക്കപ്പെടുകയാണെങ്കിൽ താലന്ത് വിലയുള്ളതാകും.

## ആകർഷണിയമായ വ്യക്തിത്വം

> യൊരേബെയാം മടങ്ങിവന്നു എന്ന് യിസ്രായേലൊക്കെയും കേട്ടപ്പോൾ, അവർ ആളയച്ചു അവനെ സഭയിലേക്ക് വിളിപ്പിച്ചു അവനെ എല്ലായിസ്രായേലിന്നും രാജാവാക്കി ... (12:20).

യൊരേബെയാമിനുണ്ടായിരുന്ന മൂന്നാമത്തെ ഗുണം അവനെ "കരിസ്മാ," അല്ലെങ്കിൽ "കാന്തിക വ്യക്തിത്വം" എന്നു വിളിച്ചിരുന്നതാണ്. ആളുകൾ അനുഗമിക്കുവാൻ താൽപര്യപ്പെട്ട ആളായിരുന്നു അയാൾ. ആളുകൾ അവനെ വിശ്വസിച്ചിരുന്നു. അവൻ സംസാരിച്ചപ്പോൾ ആളുകൾ, ശ്രദ്ധിച്ചിരുന്നു. അവർക്ക് ഒരു രാജാവ് വേണമെന്ന് തോന്നിയപ്പോൾ, അവനായിരുന്നു അവരുടെ ആദ്യ തിരഞ്ഞെടുപ്പ്.

ആകർഷണിയമായ ഒരു വ്യക്തിത്വം തീർച്ചയായും അനുഗ്രഹമാണ്. വികർഷണ മനോഭാവത്താൽ പ്രവൃത്തി പരാജയപ്പെടുവാൻ ആരും ആഗ്രഹിക്കുകയില്ല. ഒരു പരിശ്രമത്തെ ആളുകൾ നിരസിക്കുന്നത് അവർ അതിന്റെ വില കാണാത്തതുകൊണ്ടാണ്. ശരി. അത് മതിയായ കാരണമാണ്. പണത്തിന്റെ അഭാവമോ, ഊർജ്ജക്കുറവോ കൊണ്ട് ആളുകൾ പ്രവർത്തനം തുടരുവാൻ മടിക്കുന്നു. അതും, മതിയായ കാരണങ്ങളിൽ പെടുന്നു - വ്യക്തിത്വത്തെ ഇഷ്ടപ്പെടാത്തതു മൂലം ഒരു നല്ല പ്രവൃത്തി ചെയ്യുവാൻ കൂട്ടാക്കാതിരിക്കുന്നത് അപകടമാണ്. അപ്പോൾ പരിശ്രമം പരാജയപ്പെടുന്നത്, പ്രവൃത്തിയുടെ സത്യം നിമിത്തമല്ല, പിന്നെയോ അതിനെ ചുരുട്ടിക്കൂട്ടി മാറ്റുന്നതുകൊണ്ടാണ്.

പുഞ്ചിരിക്കുന്ന വ്യക്തിത്വമുള്ള ആൾ കേൾവിക്കാരെ ആകർഷിക്കും. എന്നാൽ, വ്യക്തിത്വം മാത്രം നോക്കി ആളുകൾ പ്രേരിതരാകുന്നത് നല്ല പ്രവണതയല്ല; ആളുകളെ സന്തോഷത്തോടെ സമീപിച്ച് സത്യം അവതരിപ്പിക്കുവാനാണ് നാം ആഗ്രഹിക്കുന്നത്, ആളുകൾ അത് സ്വീകരിക്കേണ്ടത് അതിലെ സത്യം നിമിത്തമാണ്, അല്ലാതെ അത് അവതരിപ്പിക്കുന്ന വ്യക്തി നിമിത്തമല്ല. സ്വീകരിക്കേണ്ടത്. എങ്ങനെയായാലും, ഒരു നല്ല വ്യക്തിത്വത്തോടൊപ്പം, മറ്റു ഘടകങ്ങളും അനിവാര്യമാണ്.

നാം എല്ലാവരും അഭിനന്ദിക്കുന്ന ചില ഗുണങ്ങൾ യൊരേബെയാമിനുണ്ടായിരുന്നു: ആത്മവിശ്വാസവും, താലന്തും, ആകർഷണിയമായ വ്യക്തിത്വവും. നാം പറയും, "നയിക്കുവാൻ ആഗ്രഹിക്കുന്ന എല്ലാവരെ സംബന്ധിച്ചും അതു വാസ്തവമാണ്," അല്ലേ? തനിക്കുള്ളതു വെച്ച്, യൊരേബെയാം എന്തു ചെയ്തു എന്നു നമുക്ക് നോക്കാം.

ഒരു ദിവസം, യൊരേബെയാം, യെരുശലേമിന് പുറത്തു പോയപ്പോൾ, പ്രവാചകനായിരുന്ന അഹിയാവിനെ കണ്ടു. അഹിയാവ് ധരിച്ചിരുന്ന ഉടുപ്പ് ഊരി പന്ത്രണ്ടു കഷണങ്ങളായി കീറി, സംഭവിപ്പാനുള്ളത് അറിയിച്ചു. അവൻ യൊരോബെയാമിനോട് പറഞ്ഞു:

> പത്തു ഖണ്ഡം നീ എടുത്തുകൊൾക; 1 യിസ്രായേലിന്റെ ദൈവമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. "ഇതാ ഞാൻ രാജത്വം ശലോമോന്റെ കയ്യിൽനിന്നു പറിച്ചു കീറി പത്തു ഗോത്രം നിനക്ക് തരുന്നു" (11:31).

രണ്ട് ഗോത്രങ്ങൾ ദാവീദിന്റെ പേർക്കായി മാറ്റി വെച്ചു (11:32), എന്നാൽ അവരുടെ വിഗ്രഹാരാധന നിമിത്തമായിരുന്നു ശിക്ഷയായ ഈ ഭിന്നത ദൈവം അനുവദിച്ചത്. ഓർക്കുക: ഒന്നും വെറുതെ സംഭവിക്കുന്നില്ല. ഒന്നുകിൽ അങ്ങനെ സംഭവിക്കുന്നതിന് ദൈവം അനുവദിക്കുന്നു, അല്ലെങ്കിൽ അത് സംഭവിക്കുമാറാക്കുന്നു, അല്ലാതെ ഒന്നും ആകസ്മികമായി സംഭവിക്കുന്നതല്ല. ഈ കാര്യത്തിൽ ഭിന്നത സംഭവിക്കുവാൻ ദൈവം അനുവദിച്ചു.

ഒരു ദേശത്തെ നയിക്കുവാനുള്ള അവസരം യൊരേബെയാമിനു ലഭിച്ചു. സിംഹാസനമായിരിക്കാം ഒരുപക്ഷെ എപ്പോഴും അവൻ ആഗ്രഹിച്ചത്. അവന് സൂര്യപ്രകാശമുള്ള ദിവസം വന്നു. ഏറ്റവും സ്വാധീനമുള്ള സ്ഥാനത്തേക്ക് ദൈവം അവനെ കൈപിടിച്ച് ഉയർത്തി. അവൻ അതിനെ എന്തു ചെയ്യും?

അഹിയാവ് യൊരേബെയാമിനോട് പറഞ്ഞത് ഒരുപക്ഷെ ശലോമോൻ കേട്ടതിനാലായിരിക്കാം അവൻ അവനെ ഉടനെ കൊല്ലുവാൻ ശ്രമിച്ചത്. എങ്ങനെയോ, യൊരേബെയാം രക്ഷപ്പെട്ട് മിസ്രയിമിലേക്ക് പോയി, അവിടെ ശിശാക്കിനെ അഭയം പ്രാപിച്ചു. ശലോമോൻ മരിക്കുന്നതുവരെ അവൻ മിസ്രയിമിൽ തന്നെ പാർത്തു.

ശലോമോന്റെ മരണശേഷം, യിസ്രായേൽ ശേഖേമിൽ ഒരുമിച്ചുകൂടി, ശലോമോന്റെ മകനായ രെഹൊബെയാമിനെ, അടുത്ത രാജാവായി വാഴിക്കുവാൻ തീരുമാനിച്ചു. യെരോബെയാം, ശലോമോൻ മരിച്ചതറിഞ്ഞ്, മിസ്രയിമിൽനിന്നു മടങ്ങിവരികയും, യിസ്രായേൽ മക്കളോടുകൂടെ ചെന്ന് ജനങ്ങളുടെ ഭാരം ലഘൂകരിപ്പാൻ പുതിയ രാജാവായ രെഹൊബയാമിനോട് അപേക്ഷിച്ചു. അതിന് മറുപടി നൽകുവാൻ രെഹൊബെയാം മൂന്നു ദിവസം ആവശ്യമാണെന്ന് പറഞ്ഞു. ആ മൂന്നു ദിവസത്തിനിടയിൽ, എന്തു ചെയ്യണമെന്ന് യിസ്രായേൽ ജനത്തിന്റെ മൂപ്പന്മാരോട് ആലോചന ചോദിച്ചതിന് അവർ പറഞ്ഞു, "അവരുടെ ഭാരം, ലഘൂകരിക്കുക." പിന്നെ അവൻ യുവാക്കളുടെ ആലോചന ആരാഞ്ഞതിന് അവർ പറഞ്ഞു, "പാടില്ല. എന്റെ ചെറുവിരൽ എന്റെ അപ്പന്റെ അരയേക്കാൾ വണ്ണമുള്ളതായിരിക്കും. എന്റെ അപ്പൻ ചമ്മട്ടികൊണ്ട് ദണ്ഡിപ്പിച്ചു. ഞാനോ തേളുകൊണ്ട് നിങ്ങളെ ദണ്ഡിപ്പിക്കും" (12:11). രെഹൊബെയാം മൗഢ്യമായി യൗവനക്കാരുടെ ആലോചന പോലെ ചെയ്തു. അവൻ ആ പ്രഖ്യാപനം നടത്തിയപ്പോൾ അഹിയാവ് പ്രവചിച്ചതുപോലെ ഒരു ഭിന്നിപ്പ് ഉണ്ടായി. പതിനൊന്നു ഗോത്രങ്ങൾ യെരോബെയാമിനോടുകൂടെ പോവുകയും, യെഹൂദാ ഗോത്രം രെഹൊബെയാമിനോടുകൂടെ നിൽക്കുകയും ചെയ്തു.

രെഹൊബെയാമും അവന്റെ മുഖ്യ നികുതിപിരിക്കുന്ന അദോനിരാമും ചേർന്ന് ആരായിരുന്നു യഥാർത്ഥത്തിൽ രാജാവെന്ന കാര്യം ധരിപ്പിക്കുവാൻ പോയി; എന്നാൽ യോജിക്കാത്തവർ അദോനിരാമിനെ കല്ലെറിയുകയും, രെഹൊബെയാം കഷ്ടിച്ചു രക്ഷപ്പെടുകയും ചെയ്തു. രെഹൊബെയാം യെരുശലേമിലേക്ക് ഓടിപ്പോയി, അവിടെ യെഹൂദാ ഗൃഹത്തെയും ബെന്യാമീൻ ഗൃഹത്തെയും[2] യുദ്ധത്തിനായി കൂട്ടിച്ചേർത്തു. അവൻ യെഹൂദ്യയിലേയും ബെന്യാമീനിലേയും 180,000 പടയാളികളെ അണി നിരത്തി. കീഴ്പ്പെടുവാൻ

വടക്കേ രാജ്യത്തോടു പറയുവാനായില്ലെങ്കിൽ, അവൻ അവരെ അടിച്ചു കീഴ്പ്പെടുത്തി. അവന് അവരോട് കൽപിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ അവൻ അവരെ അനുസരിപ്പിക്കുമായിരുന്നു. സംഭാഷണം പരാജയപ്പെടുമ്പോൾ, ചിലർ വാളെടുക്കും.

പ്രവാചകനായിരുന്ന ശെമയ്യാവ്, രെഹബെയാമിന് യഹോവയുടെ സന്ദേശം അറിയിക്കുവാൻ പോയി: "നിങ്ങൾ പുറപ്പെടരുത്, നിങ്ങളുടെ സഹോദരന്മാരോട് യുദ്ധം ചെയ്യരുത്, ഓരോരുത്തൻ താന്താന്റെ വീട്ടിലേക്ക് മടങ്ങിപ്പോകുവിൻ. ഈ കാര്യം എന്റെ ഹിതത്താൽ സംഭവിച്ചിരിക്കുന്നു ..." (2 ദിനവൃത്താന്തം 11:4). ഭിന്നതയെ ദൈവം തന്റെ ഉദ്ദേശ നിവർത്തിക്കായി ഉപയോഗിച്ചു. ഭിന്നത ദൈവേഷ്ടമായിരുന്നു എന്നല്ല ശെമയ്യാവിന്റെ പ്രസ്താവനയുടെ അർത്ഥം. പാപം കാരണമായിരുന്നു ഭിന്നിപ്പുണ്ടായത്. എന്നാൽ അഹിയാവിൽകൂടെ പ്രവചിച്ചത് ദൈവം നിറവേറ്റി (2 ദിനവൃത്താന്തം 10:15). രെഹബെയാം ശെയ്യാവിന്റെ വാക്ക് കേട്ട് സൈന്യത്തെ വീടുകളിലേക്ക് മടക്കി അയച്ചു.

വേർപിരിയൽ അന്തിമമായിരുന്നു. അതുകൊണ്ട് യിസ്രായേലിന് രണ്ട് രാജത്വവും രണ്ട് രാജാക്കന്മാരുമുണ്ടായി. പതിനൊന്നു ഗോത്രങ്ങൾ അവരുടെ പുതിയ രാജ്യത്തിന് ഒരു രാജാവിനെ തിരഞ്ഞെടുക്കുവാൻ കൂടി വന്നു. തിരഞ്ഞെടുപ്പ് ഏകകണ്ഠമായിരുന്നു: യെരോബെയാം.

> യൊരോബെയാം മടങ്ങി വന്നു എന്ന് യിസ്രായേലൊക്കെയും കേട്ടപ്പോൾ, അവർ ആളയച്ചു അവനെ സഭയിലേക്ക് വിളിപ്പിച്ചു അവനെ എല്ലായിസ്രായേലിന്നും രാജാവാക്കി; യെഹൂദാ ഗോത്രം മാത്രം അല്ലാതെ മറ്റാരും ദാവീദ് ഗൃഹത്തിന്റെ പക്ഷം ചേർന്നില്ല (12:20).

യെരോബെയാം ഇപ്പോൾ മോഹിക്കത്തക്ക നായകത്വ സ്ഥാനത്തിലെത്തി. യെരോബെയാം ഏത് തരത്തിലുള്ള രാജാവായിട്ടാണ് തീർന്നത്? ആ നേതാവിൽനിന്ന് എന്താണ് പഠിക്കുവാനുള്ളത്? യെരോബെയാമിന് താലന്തും, പാടവവും, ആത്മവിശ്വാസവുമുണ്ടായിരുന്നു, പക്ഷെ ഒഴിച്ചുകൂടാനാവാത്തതായ ഒരു ഗുണത്തിന്റെ കുറവ് അവനുണ്ടായിരുന്നു - *ആത്മാർത്ഥത.*

യിസ്രായേൽ ജനം അവനെ ശേഖേമിൽ വെച്ച് തിരഞ്ഞെടുത്ത് ഉത്ഘാടനം കഴിഞ്ഞശേഷം (12:20), അവൻ ശേഖേമിനെയും പെനിയേലിനേയും തന്റെ രണ്ട് തലസ്ഥാനങ്ങളായി മോടി പിടിപ്പിച്ചു, ഒന്ന് യോർദ്ദാന്റെ കിഴക്കും മറ്റൊന്നു പടിഞ്ഞാറും ആയിരുന്നു (12:25). അവൻ തന്റെ താമസം തിർസയിൽ ഉറപ്പിച്ചു (14:17). ദൈവനിയമങ്ങൾ പ്രമാണിച്ചാൽ തന്റെ രാജ്യവും വാഴ്ച്ചയും സ്ഥിരമാകുമെന്ന് അവന് ഉറപ്പ് ലഭിച്ചിരുന്നു. അവൻ ചെയ്യേണ്ടതിന് അഹിയാവ് അവന് അരുളപ്പാട് കൊടുത്തു:

> ഞാൻ നിന്നോട് കൽപിക്കുന്നതൊക്കെയും നീ കേട്ട് എന്റെ വഴികളിൽ നടന്നു എന്റെ ദാസനായ ദാവീദ് ചെയ്തതുപോലെ എന്റെ ചട്ടങ്ങളും കൽപനകളും പ്രമാണിച്ചുകൊണ്ട് എനിക്ക് പ്രസാദമുള്ളതു ചെയ്താൽ ഞാൻ നിന്നോടുകൂടെ ഇരിക്കും. ഞാൻ ദാവീദിന്നു പണിതതുപോലെ സ്ഥിരമായോരു ഗൃഹം പണിതു യിസ്രായേലിനെ നിനക്കു തരും (11:38).

യെരോബെയാം എന്താണ് ചെയ്തത്? അവൻ ദൈവത്തിന്റെ പ്രവാചകൻ പറഞ്ഞത് അനുസരിച്ചോ? ഇല്ല. അവൻ ഉടനെ യിസ്രായേലിനെ പാപത്തിലേക്ക് നയിച്ചു. ദൈവം-ഒരു നായകനിൽനിന്നു പ്രതീക്ഷിച്ച ഒന്നൊഴിച്ച് ബാക്കി എല്ലാം തനിക്കുണ്ടെന്ന് അവൻ തെളിയിച്ചു - ദൈവകൽപനകളിൽ ജനത്തെ നയിക്കുവാനുള്ള ഒരു ഹൃദയം.

**ഉപസംഹാരം**

"യെരോബെയാം ജനത്തെ പാപത്തിലേക്ക് നയിച്ചു" എന്ന് ഒരു വിധത്തിൽ, അല്ലെങ്കിൽ മറ്റൊരു വിധത്തിൽ ഇരുപത്തി - അഞ്ചു പ്രാവശ്യം പഴയ നിയമത്തിൽ പറയുന്നുണ്ട്. ഡബ്ലിയു. ഗ്രഹാം സ്കോർജി എഴുതി:

> ഒരു മനുഷ്യൻ പാപം ചെയ്തുകൊണ്ടിരിക്കുകയും, മറ്റുള്ളവരെ പാപം ചെയ്യിക്കുകയും ചെയ്യുന്നതല്ലാതെ ഒരു മനുഷ്യനെ കുറിച്ച് മോശമായി എന്താണ് പറയുവാനുള്ളത്; അതാണ് ഇരുപത്തി-യഞ്ചു പ്രാവശ്യം "നെബാത്തിന്റെ മകനായ യൊരോബെയാമിനെ കുറിച്ചു പറഞ്ഞത്." മറ്റാർക്കും ഇത്രയും നല്ല അവസരം ലഭിച്ചിരിക്കയില്ല, മറ്റാരും അത്ര പെട്ടെന്ന് അവയെല്ലാം വലിച്ചെറിഞ്ഞും കാണുകയില്ല. ദൈവത്തിന്റെ ചട്ടങ്ങളും കൽപനകളും കേട്ട് ദൈവവഴിയിൽ നടന്ന് അവന്റെ ദൃഷ്ടിയിൽ നേരായി നടന്നാൽ, ദാവീദിന്ന് പണിതതുപോലെ ദൈവം അവന്റെ ഗൃഹം സ്ഥിരമാക്കുമെന്ന് അവന് ഉറപ്പു കൊടുത്തിരുന്നു (1 രാജാക്കന്മാർ 11:38). ഇതിനപ്പുറം ഒരാൾക്ക് എന്താണ് ആവശ്യം? എങ്കിലും, പാപം ചെയ്തുകൊണ്ടിരിക്കുകയും, യിസ്രായേലിനെ പാപം ചെയ്യിക്കുകയും ചെയ്തുകൊണ്ട് അവൻ അതെല്ലാം വലിച്ചെറിഞ്ഞുകളഞ്ഞു.[3]

"യിസ്രായേലിനെ ഞാൻ എവിടേക്കാണ് നയിക്കുന്നത്?" എന്ന് യെരോബെയാം ചോദിച്ചോ? എങ്കിൽ അവന് ഈ ഉത്തരം പറയേണ്ടതായി വരും, "ഞാൻ ഈ ദേശത്തെ നാശത്തിലേക്ക്, ആത്മിയ നാശത്തിലേക്ക് ആണ് നയിക്കുന്നത്." ആത്മവിശ്വാസവും, താലന്തും, ആകർഷണിയ വ്യക്തിത്വവും, സ്വാർത്ഥതക്കായി ഉപയോഗിച്ചാൽ അവ നീണ്ടുനിൽക്കുകയില്ല, പാപത്തെ പിൻതുടർന്നതുകൊണ്ട്, അനുഗ്രഹത്തിനുപകരം നാശം അവനെ പിൻപറ്റി.

**പഠിക്കേണ്ട പാഠം:**
**രാജധാനിയിൽ ജീവിക്കുന്നതിനേക്കാൾ**
**നീതിയും, താഴ്മയുമുള്ള**
**ഹൃദയമുണ്ടാകുന്നതാണ് നല്ലത്:**

---

കുറിപ്പുകൾ

[1]രണ്ട് ഗോത്രങ്ങൾ ചേർന്നതാണ് തെക്കേ രാജ്യം എന്നതിന്റെ സൂചനയാണിത്. ശരിക്കും വിഭജനം നടന്നപ്പോൾ, പതിനൊന്നു ഗോത്രങ്ങളും വേർപിരിഞ്ഞിരുന്നു, എന്നാൽ പിന്നീട് ബെന്യാമിൻ ഗോത്രം മടങ്ങിവന്ന് യെഹൂദയോട് ചേർന്നു. [2]ബെന്യാമിൻ പിന്നീട് സ്പഷ്ടമായും യെഹൂദയോട് ചേർന്നു. യെഹൂദയോട് നിരന്ന്, യെരോബെയാമിനൊപ്പം ആയിരിക്കേണ്ടതാണെന്ന് ഒരുപക്ഷെ

ബെന്യാമീൻ ഗോത്രം പിന്നീട് ചിന്തിച്ചുകാണും. [3]ഡബ്ലിയു. ഗ്രഹാം സ്കോർജി, *ദ അൺഫോൾഡിങ് ഡ്രാമാ ഓഫ് റിഡെംഷൻ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ് ഹൗസ്, 1976), 299.